ശ്രീകണ്ഠപുരത്ത് പുഴയാത്ര സി.പി.എം ജില്ലാ സെക്രട്ടേറിയറ്റംഗം പി.വി. ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു.

സി.പി.എമ്മിന്റെ പുഴയറിയാൻ യാത്ര സമാപിച്ചു

ശ്രീകണ്ഠപുരം: ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സി.പി.എം ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന കണ്ണൂരിനൊരു ഹരിത കവചം പരിപാടിയുടെ ഭാഗമായി ശ്രീകണ്ഠപുരം ഏരിയ കമ്മിറ്റി സംഘടിപ്പിച്ച പുഴയറിയാൻ യാത്രക്ക് സമാപനം. സി.പി.എം ജില്ലാ സെക്രട്ടറിയേറ്റംഗം പി.വി. ഗോപിനാഥ് കോട്ടൂർ പുഴയോരത്ത് നിന്ന് ഉദ്ഘാടനം ചെയ്ത പുഴയാത്രയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ്, ഏരിയാ സെക്രട്ടറി എം. വേലായുധൻ, വി.സി. രാമചന്ദ്രൻ എന്നിവർ സംസാരിച്ചു. പരിപ്പായിക്കടവ്, ചെങ്ങളായി തൂക്കുപാലം, അടൂർ, അടിച്ചേരി, കൊയ്യം എന്നിവിടങ്ങളിൽ പര്യടനം നടത്തിയ ജാഥ ചെക്കിക്കടവിൽ സമാപിച്ചു. ജാഥാ ക്യാപ്റ്റൻ എം.സി. ഹരിദാസൻ, മാനേജർ വി.പി. മോഹനൻ, ജാഥാ അംഗങ്ങളായ പി. മാധവൻ, കെ. ജനാർദനൻ, മലപ്പട്ടം പ്രഭാകരൻ, ടി.ഒ. ശാർങ്ങാധരൻ, കെ.കെ. രാഗേഷ്, കെ. മധു എന്നിവർ വിവിധയിടങ്ങളിൽ സംസാരിച്ചു. അനധികൃത കയ്യേറ്റങ്ങൾ, പുഴ മലിനമാകാനുള്ള കാരണങ്ങൾ എന്നിവ നേരിട്ട് കണ്ട് മനസിലാക്കിയ ജാഥാംഗങ്ങൾ വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട വർക്ക് നൽകും. ഇരിക്കൂർ ലോക്കൽ സെക്രട്ടറി എം. ബാബുരാജ് ഉദ്ഘാടനം ചെയ്ത് ഇരിക്കൂർ ലോക്കലിന്റെ നേതൃത്വത്തിൽ നടത്തിയ പുഴയറിയാൻ യാത്ര മാങ്ങോടിൽ നിന്ന് ആരംഭിച്ച് ഇരിക്കൂറിൽ സമാപിച്ചു. എം.വി. ഗംഗാധരൻ, കെ.വി. നമ്പി, ടി.സി. അക്ബർ, സി. രാജീവൻ എന്നിവർ വിവിധ കേന്ദ്രങ്ങളിൽ സംസാരിച്ചു. 14ന് പടിയൂർ ലോക്കലിന്റെ നേതൃത്വത്തിൽ നടത്തുന്ന പുഴയറിയാൻ യാത്ര വൈകുന്നേരം മൂന്ന് മണിക്ക് പഴശി ഡാമിൽ നിന്നാരംഭിച്ച് പെരുമണ്ണിൽ സമാപിക്കും.

ആലക്കോട് എൻ.എസ്.എസ്. കരയോഗം ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികളെ അനുമോദിക്കുന്നു.

ഉന്നത വിജയികളെ എൻ.എസ്.എസ്. അനുമോദിച്ചു

ആലക്കോട്: ആലക്കോട് 2605-ാം നമ്പർ എൻ.എസ്.എസ് കരയോഗം ആഭിമുഖ്യത്തിൽ സമുദായാംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ ഉപഹാരം നൽകി ആദരിച്ചു. ദേവപ്രിയ ഹരികുമാർ, സ്വാതി കൃഷ്ണ, അനഘ സുരേന്ദ്രൻ, പാർവതി ആർ. നായർ, നിമിഷ ദിനേശ് എന്നിവരെയാണ് കാഷ് അവാർഡും ഉപഹാരവും നൽകി അനുമോദിച്ചത്. കരയോഗം പ്രസിഡണ്ട് ഭാസ്കരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. പി. രോഹിണി ടീച്ചർ, കെ. ഗോപാലകൃഷ്ണൻ നായർ, ഗോപിനാഥൻ നായർ, കെ.ആർ. ഗോപാലകൃഷ്ണൻ നായർ, സരസ്വതി ടീച്ചർ, ജി. ഉണ്ണികൃഷ്ണൻ നായർ പ്രസംഗിച്ചു. ലാലു കുന്നപ്പള്ളി സ്വാഗതം പറഞ്ഞു.

ചാണോക്കുണ്ട് കരിവേടൻകുണ്ട് മലയാളംമുക്ക് പാലം പി.ജെ. മാത്യു ഉദ്ഘാടനം ചെയ്യുന്നു.

സ്വപ്ന സാക്ഷാത്ക്കാരമായി നിർമ്മിച്ച പാലം ഉദ്ഘാടനം ചെയ്തു

ആലക്കോട്: ചാണോക്കുണ്ട് കരിവേടൻകുണ്ട്- മലയാളം മുക്ക് റോഡിൽ മലയാളം മുക്ക് തോടിന് കുറുകെ നിർമ്മിച്ച പാലം പഞ്ചായത്ത് മെമ്പർ പി.ജെ. മാത്യു ഉദ്ഘാടനം ചെയ്തു. മഴക്കാലമായാൽ പുറംലോകത്ത് നിന്ന് ഒറ്റപ്പെട്ടുപോകുന്ന പ്രദേശത്തെ നിരവധി കുടുംബങ്ങളുടെ ദീർഘകാല സ്വപ്ന സാക്ഷാത്ക്കാരമായാണ് നിർമ്മാണം പൂർത്തീകരിച്ചത്. പാലം നിർമ്മാണത്തിനായി ചപ്പാരപ്പടവ് പഞ്ചായത്ത് 13 ലക്ഷം രൂപ അനുവദിച്ചിരുന്നു. പഞ്ചായത്ത് മെമ്പർ സജി ഓതറ അധ്യക്ഷത വഹിച്ചു. ചാണ്ടി മാസ്റ്റർ, തങ്കമ്മ സണ്ണി, ടോമി പുത്തൻപുര പ്രസംഗിച്ചു. ജോസഫ് കൊഴുവാക്കണ്ടം സ്വാഗതവും സിസി ജോസഫ് നന്ദിയും പറഞ്ഞു.

കരുവഞ്ചാൽ-പള്ളിക്കവല റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം

കരുവഞ്ചാൽ: ടാറിംഗ് പൊട്ടിപ്പൊളിഞ്ഞ് തകർന്നു കിടക്കുന്ന കരുവഞ്ചാൽ-വെള്ളാട് പള്ളിക്കവല റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും റോഡിന്റെ വീതി കൂട്ടലുമായി ബന്ധപ്പെട്ടുള്ള തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കണമെന്നും കണ്ടത്തിൽ പീടിക കനിവ് സ്വാശ്രയ സംഘം യോഗം ആവശ്യപ്പെട്ടു. ടി.എ. ബാബു ഗുരുക്കൾ അധ്യക്ഷത വഹിച്ചു. ബാബു ചിറ്റാട്ടിൽ, ടോജോ കട്ടയ്ക്കൽ, വർഗീസ് കൂടത്തിനാൽ പ്രസംഗിച്ചു.

NOTIFICATION

I Fasil.K.P, K.P. House, Chorukkala, Kurumathoor (P.O), Karimbam (via), Kannur 670142. Here by inviting to the notice of the Public that my Certificate of Degree Examination May 2014 with Reg. No.SI 11BR0015 of Kannur University have been irrecoverably lost during travel and as such I intend to apply for the duplicate Certificate. If any body happens to get the originals may kindly send the same to or intimate the undersigned or the University.

Sd/-
FASIL. K.P.
9995377576

വീടും സ്ഥലവും വിൽപ്പനക്ക്

തേർത്തല്ലി ടൗണിൽ റോഡ് സൈഡിൽ 18 സെന്റ് സ്ഥലവും വീടും വിൽപ്പനക്ക്.

Mob: 9747567631

വീടും സ്ഥലവും വിൽപ്പനക്ക്

ആലക്കോട് കോൺവെന്റിന് സമീപം 22 സെന്റ് സ്ഥലവും (തെങ്ങ്, കവുങ്ങ് ആദായം) ഓടിട്ട വീടും വിൽപനക്ക്. ബന്ധപ്പെടുക.

Mob: 9747277672

ആവശ്യമുണ്ട്

പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രത്തിനടുത്തുള്ള സ്റ്റാർ ഹോട്ടലിലേക്ക് മുൻപരിചയമുള്ള,

» INDIAN COOK
» ACCOUNTANT
» RESTAURANT WAITER

എന്നിവരെ ഉടൻ ആവശ്യമുണ്ട്. താൽപര്യമുള്ളവർ ബന്ധപ്പെടുക

Ph: 9349009003, 9388022322

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്

സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ

പൂക്കോത്ത്നട | ആലക്കോട് റോഡ്
തളിപ്പറമ്പ | മന്ന, തളിപ്പറമ്പ

Ph: 9446774253, Mob: 9961664253

പരിചയസമ്പന്നരായ തൊഴിലാളികൾ
ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

ലേഡി ഓഫീസ് സ്റ്റാഫിനെ ആവശ്യമുണ്ട്

ആലക്കോട് എഡുടെക് എജുക്കേഷൺ സർവ്വീസസിലേക്ക് ലേഡി ഓഫീസ് സ്റ്റാഫിനെ ഉടൻ ആവശ്യമുണ്ട്. പ്രായം 40 വയസിൽ താഴെ. ബന്ധപ്പെടുക.

Mob: 9747251562

ആവശ്യമുണ്ട്

ഓട്ടോ മൊബൈൽ കമ്പനിക്ക് കണ്ണൂർ- വയനാട്- കോഴിക്കോട് മേഖലയിൽ മാർക്കറ്റിംഗ് സെക്ഷനിലേക്ക് ആളെ ആവശ്യമുണ്ട്. Two wheeler/4 Wheeler ലൈസൻസ് ഉള്ളവർക്ക് മുൻഗണന.

Mob: 7560885544

ഐ.എസ്.എം തളിപ്പറമ്പ് മണ്ഡലം കോൺഫറൻസ് സി.സി. ശക്കീർ ഫാറൂഖി ഉദ്ഘാടനം ചെയ്യുന്നു.

സ്ത്രീകളുടെ പള്ളി പ്രവേശം തടയുന്നത് പ്രവാചകചര്യക്ക് വിരുദ്ധം: ഐ.എസ്.എം

തളിപ്പറമ്പ: പള്ളി നിർമ്മാണത്തിൽ മാത്രം സ്ത്രീകളെ പങ്കാളികളാക്കി അവർക്ക് പള്ളിയിൽ ആരാധന നിഷേധിക്കുന്നത് ഇസ്ലാമിനും പ്രവാചകചര്യക്കും നിരക്കാത്തതാണെന്ന് ഐ.എസ്.എം തളിപ്പറമ്പ മണ്ഡലം കോൺഫറൻസ് അഭിപ്രായപ്പെട്ടു. കെ.എൻ.എം ജില്ലാ കൺവീനർ സി.സി. ശക്കീർ ഫാറൂഖി ഉദ്ഘാടനം ചെയ്തു. കെ.കെ.പി. അബ്ദുല്ല അർഹതയുണ്ട് എന്നിരിക്കെ സ്ത്രീകൾക്ക് മാത്രം പള്ളിയിൽ ആരാധന സ്വാതന്ത്ര്യം അനുവദിക്കാതിരിക്കുന്നത് ഇസ്ലാമിനോടും പ്രവാചകചര്യയോടുമുള്ള വെല്ലുവിളിയാണെന്നും കോൺഫ്രൻസ് അഭിപ്രായപ്പെട്ടു. കെ.എൻ.എം ജില്ലാ കൺവീനർ സി.സി. ശക്കീർ ഫാറൂഖി ഉദ്ഘാടനം ചെയ്തു. കെ.കെ.പി. അബ്ദുല്ല അധ്യക്ഷത വഹിച്ചു. അബ്ദുൾ ലത്തീഫ് കരുമ്പിലാക്കൽ മുഖ്യപ്രഭാഷണം നടത്തി. കെ.പി. റാഫി, കെ.വി. നൂറുദീൻ പ്രസംഗിച്ചു.

സൗജന്യ പരിശീലനം നൽകുന്നു

തളിപ്പറമ്പ: ഗവ. ഓഫ് എൻ.സി.ടി, ന്യൂഡൽഹിയുടെ അംഗീകാരമുള്ള സ്റ്റെഡ് കൗൺസിലിന്റെ കണ്ണൂർ, തളിപ്പറമ്പ സെന്ററുകളിൽ വിവിധ വിഷയങ്ങളിൽ സൗജന്യ പരിശീലനം നടത്തുന്നു. ജൈവകൃഷി, കരകൗശലം, ബേക്കറി നിർമ്മാണം, തേനീച്ച കൃഷി, ഫാഷൻ ഡിസൈനിങ്ങ് തുടങ്ങി നിരവധി മേഖലകളിൽ പരിശീലനം നേടാം. ഫോൺ: 9746997838.

വികലാംഗരോട് സർക്കാർ അവഗണന കാട്ടുന്നതായി പരാതി

ആലക്കോട്: കേരള സർക്കാർ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കൈവല്യ പദ്ധതിയിൽ അംഗങ്ങളായ വികലാംഗരോട് അധികൃതർ കടുത്ത അവഗണന കാട്ടുന്നതായി പരാതി. വികലാംഗർക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി ആവിഷ്ക്കരിച്ചതാണ് കൈവല്യ പദ്ധതി. അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ഒന്നര വർഷം കഴിഞ്ഞിട്ടും പദ്ധതി ആനുകൂല്യങ്ങൾ ഇതുവരെ അപേക്ഷകർക്ക് ലഭ്യമാക്കുന്നില്ലെന്നാണ് പരാതി. കടുത്ത സാമ്പത്തിക പ്രതിസന്ധി പേറുന്ന വികലാംഗർ ഒരു ജീവിത മാർഗമെന്ന നിലയിലാണ് കൈവല്യ പദ്ധതിക്ക് അപേക്ഷിച്ചത്. വിവിധ സ്വയംതൊഴിൽ പദ്ധതികളാണ് കൈവല്യ മുഖാന്തിരം നടപ്പിലാക്കുന്നത്. എന്നാൽ ഇതുവരെയായിട്ടും ഇതിന്റെ ആനുകൂല്യങ്ങൾ വികലാംഗർക്ക് നൽകാത്തത് വ്യാപക പ്രതിഷേധമാണ് ഉയർത്തിയിരിക്കുന്നത്.

എസ്.കെ.എസ്.എസ്.എഫ് കുണ്ടാംകുഴി ശാഖ സഹായി മെഡിക്കൽ റിലീഫ് സെല്ലിന്റെ നിർധനരായ കുട്ടികൾക്കുള്ള സ്കൂൾ കിറ്റ് വിതരണം പാണക്കാട് റഷീദലി ശിഹാബ് തങ്ങൾ കെ.വി. അക്മലിന് നൽകി ഉദ്ഘാടനം ചെയ്യുന്നു.

തോറ്റു, സാമൂഹ്യവിരുദ്ധരെ കൊണ്ട് വ്യാപാരികൾ

തളിപ്പറമ്പ: കെട്ടിട സമുച്ചയങ്ങളിലെ കോണിപ്പടികൾ മദ്യപാനികളും മറ്റും കൈയടക്കുന്നത് വ്യാപാരികൾക്ക് ദുരിതമായി. തളിപ്പറമ്പ് ടൗണിൽ കാവൽക്കാരില്ലാത്തതും കോണിപ്പടിക്ക് ഷട്ടർ ഇല്ലാത്തതുമായ കെട്ടിട സമുച്ചയങ്ങളിലെ വ്യാപാരികളാണ് ദുരിതം പേറുന്നത്. രാത്രികാലങ്ങളിൽ കടകൾ അടക്കുന്നതോടെ കോണിപ്പടികൾ ഇവർ കൈയടക്കുന്നു. രാവിലെ വ്യാപാരികൾ കടതുറക്കാൻ എത്തുമ്പോൾ ഒഴിഞ്ഞ മദ്യക്കുപ്പികളും ഭക്ഷണാവശിഷ്ടങ്ങളും കൊണ്ട് കോണിപ്പടികൾ നിറഞ്ഞിരിക്കും. ഇത് വൃത്തിയാക്കി മാത്രമേ സ്ഥാപനം തുറക്കാൻ കഴിയുകയുള്ളൂ. ബസ് സ്റ്റാന്റ് പരിസരത്തെ മൂന്നോളം ഷോപ്പിംഗ് കോംപ്ലക്സിൽ കച്ചവടം ചെയ്യുന്നവരാണ് ഏറെ വിഷമം പേറുന്നത്. ഞായറാഴ്ച തുടങ്ങിയ ഒഴിവുദിവസങ്ങളിൽ രാവിലെ മുതൽ കോണിപ്പടികൾ കൈവശപ്പെടുത്തുന്നവരുണ്ട്. നോമ്പ് കാലത്ത് കടകൾ നേരത്തെ അടക്കുന്നതിനാൽ അത് സൗകര്യപ്രദമായി കാണുന്ന മദ്യപരുമുണ്ട്. വ്യാപാരികൾ കോംപ്ലക്സിൽ രഹസ്യ നിരീക്ഷണം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

പണം കളഞ്ഞു കിട്ടി

പരിയാരം: ഏഴിലോട് നിന്ന് കളഞ്ഞ് കിട്ടിയ പണം പരിയാരം പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുണ്ട്. ഉടമസ്ഥർ തെളിവ് സഹിതം എത്തിയാൽ പണം തിരികെ തരുമെന്ന് എസ്.ഐ അറിയിച്ചു.

അറിയിപ്പ്

കണ്ണൂർ: തപാൽ ഓഫീസുകളിലെ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി കോർ സിസ്റ്റം ഇന്റഗ്രേഷൻ നടപ്പിലാക്കുന്നതിനാൽ കണ്ണൂർ ഹെഡ്പോസ്റ്റോഫീസ്, തളിപ്പറമ്പ ഹെഡ് പോസ്റ്റോഫീസ് എന്നിവിടങ്ങളിൽ 19 മുതൽ 21 വരെയും കണ്ണൂർ ഡിവിഷനിലെ മറ്റെല്ലാം പോസ്റ്റോഫീസുകളിലും 18 മുതൽ 21 വരെയും യാതൊരുവിധ പണമിടപാടുകളും ഉണ്ടായിരിക്കുന്നതല്ല. രജിസ്റ്റേർഡ്, സ്പീഡ് പോസ്റ്റ് ബുക്കിംഗുകൾക്കായി കണ്ണൂർ ആർ.എം.എസിൽ പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ട്. തപാൽ ഉരുപ്പടികളുടെ വിതരണം സാധാരണ പോലെ നടക്കുന്നതായിരിക്കും.

ചപ്പാരപ്പടവ്: ചപ്പാരപ്പടവ് കൃഷിഭവൻ പരിധിയിൽ വാണി ജ്യോടിസ്ഥാനത്തിൽ മഴക്കാല പച്ചക്കറി കൃഷി ചെയ്തുവരുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നതായി കൃഷി ഓഫീസർ അറിയിച്ചു. ചുരുങ്ങിയത് 25 സെന്റ് സ്ഥലത്തെങ്കിലും കൃഷി ചെയ്യുന്ന കർഷകർ, കർഷക ഗ്രൂപ്പുകൾ എന്നിവർ കൃഷി ഭവനിൽ പേര് രജിസ്റ്റർ ചെയ്യണം. കൃഷിഭവൻ പരിധിയിൽ കർഷക പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളിൽ നാളിതുവരെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ ആധാർ നമ്പറുമായി ബന്ധപ്പിച്ച ബാങ്ക് പാസ്ബുക്ക് കൃഷിഭവനിൽ ഹാജരാക്കണമെന്നും അറിയിച്ചു.

ആടുകളെ വിതരണം ചെയ്തു

തളിപ്പറമ്പ: ബൈത്തുസകാത്ത് തളിപ്പറമ്പിന്റെ സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി നിർധനരായ കുടുംബങ്ങൾക്കുള്ള ആടുകളെ വിതരണം ചെയ്തു. ബൈത്തുസകാത്ത് തളിപ്പറമ്പ പ്രസിഡണ്ട് പി.പി. അബ്ദുസമദ് ജമാഅത്ത് ഇസ്ലാമി അരിപ്പാമ്പ്ര വനിതാ പ്രവർത്തകർക്ക് നൽകി ഉദ്ഘാടനം നിർവഹിച്ചു. ജമാഅത്തെ ഇസ്ലാമി തിരുവട്ടൂർ പ്രസിഡണ്ട് കെ.കെ. ഖാലിദ് അധ്യക്ഷത വഹിച്ചു. സാഹിദ കരീം, ഖദീജ മൊയ്തു സംസാരിച്ചു. ഷമീമ ഹംസ സ്വാഗതം പറഞ്ഞു.

അപ്പാർട്ട്മെന്റ് വാടകക്ക്

പുളിമ്പറമ്പിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ രണ്ട് ബെഡ്റൂം അപ്പാർട്ട്മെന്റ് വാടകയ്ക്ക്.

Mob: 8075684123

ADMISSION STARTED FOR AVIATION & LOGISTICS COURSES

BBA with Aviation • BBA Retail Management • B.Com with Logistics • B.Com with CA, ACCA, FCA • MBA all Specializations

• NO DONATION
• BANK LOAN FACILITY
• FREE INTERNSHIP

Future is here

Mob: 7994213470

കേരള സർക്കാർ ദർഘാസുകൾ

07-05-2018 മുതൽ 13-05-2018 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

പൊതുമരാമത്ത് വകുപ്പ്

ദർഘാസ് : 2018_PWD_201697_2 * Executive Engineer * SLTF 2017-18 OR PROVIDING 40MM CHIPPING CARPET TO PALLICKAL * അവസാന തീയതി : 15-May-2018 * അടങ്കൽ : ` 1749511

ദർഘാസ് : 2018_PWD_201691_2 * Executive Engineer * URGENT PATCH REPAIRES BY PROVIDING 20MM BIT CHIPPING CARPET * അവസാന തീയതി : 15-May-2018 * അടങ്കൽ : ` 2499878

ദർഘാസ് : 2018_PWD_202063_2 * EXECUTIVE ENGINEER * Chipping carpet to Pangode - Kizhakkumbhagam road between K * അവസാന തീയതി : 21-May-2018 * അടങ്കൽ : ` 1499122

ദർഘാസ് : 2018_PWD_202513_2 * EXECUTIVE ENGINEER * PROVIDING 40mm CHIPPING CARPET TO PALLICKAL-MOOTHALA-IDAVEL * അവസാന തീയതി : 21-May-2018 * അടങ്കൽ : ` 1749511

സ്റ്റേഷനറി വകുപ്പ്

ദർഘാസ് : 2018_STY_204220_1 * Controller of Stationery * Supply of Clothlined Paper (Base paper 90 gsm, 86 cm width, * അവസാന തീയതി : 25-May-2018 * അടങ്കൽ : ` 760000

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക

Ro.No: 07-13/May/2018/PRD/7

കരുവഞ്ചാലിൽ അനുവദിച്ച മാവേലി സ്റ്റോർ തുടങ്ങാൻ നടപടിയില്ല

ആലക്കോട്: ഭക്ഷ്യവകുപ്പ് കരുവഞ്ചാലിൽ അനുവദിച്ച മാവേലി സ്റ്റോർ മാസങ്ങൾ കഴിഞ്ഞിട്ടും തുടങ്ങാൻ നടപടിയില്ലാത്തത് വ്യാപക പ്രതിഷേധമുയർത്തുന്നു. സി.പി.ഐ നടുവിൽ ബ്രാഞ്ച് കമ്മിറ്റി നൽകിയ നിവേദനത്തെ തുടർന്ന് കഴിഞ്ഞ ജനുവരിയിലാണ് കരുവഞ്ചാലിൽ മാവേലി സ്റ്റോർ അനുവദിച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമൻ ഉത്തരവിട്ടിരുന്നത്. ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് തളിപ്പറമ്പ് ഡിപ്പോ മാനേജർ നടുവിൽ പഞ്ചായത്ത് അധികൃതർക്ക് നിർദേശം നൽകി. എന്നാൽ മന്ത്രിയുടെ ഉത്തരവ് വന്ന് അഞ്ച് മാസമായിട്ടും കരുവഞ്ചാലിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള ഒരു നടപടികളും പഞ്ചായത്ത് അധികൃതർ ഇതുവരെ സ്വീകരിച്ചിട്ടില്ല. നിത്യോപയോഗ സാധനങ്ങൾക്ക് വില കുതിച്ച് കയറുന്നതിനിടെ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്ന മാവേലി സ്റ്റോർ കരുവഞ്ചാലിൽ അനുവദിച്ചത് തുടങ്ങാൻ നടപടികൾ സ്വീകരിക്കാത്തത് ഏറെ പ്രതിഷേധമാണുയർത്തുന്നത്. മന്ത്രിയുടെ ഉത്തരവിന് പഞ്ചായത്ത് അധികൃതർ പുല്ലുവില പോലും കൽപ്പിക്കുന്നില്ലെന്നാണ് ആക്ഷേപം. ഇതിനിടെ സി.പി.ഐ, എ.ഐ.വൈ.എഫ് പ്രവർത്തകർ പഞ്ചായത്തിനെതിരെ കരുവഞ്ചാൽ ടൗണിലും പരിസരങ്ങളിലും വ്യാപകമായി പോസ്റ്ററുകൾ പതിച്ചു.

കണ്ണൂർ- പെരുമ്പടവ്- മംഗലാപുരം കെ.എസ്.ആർ.ടി.സി ബസിന് ചപ്പാരപ്പടവിൽ നൽകിയ സ്വീകരണം

കെ.എസ്.ആർ.ടി.സി ബസിന് സ്വീകരണം നൽകി

പെരുമ്പടവ്: മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ച് കണ്ണൂരിൽ നിന്ന് മംഗലാപുരത്തേക്ക് സർവ്വീസ് ആരംഭിച്ച കെ.എസ്.ആർ.ടി.സി ബസിന് ചപ്പാരപ്പടവ്, പെരുമ്പടവ് മേഖലകളിൽ നാട്ടുകാർ സ്വീകരണം നൽകി. കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്ന് പുലർച്ചെ 5.40ന് പുറപ്പെട്ട് 8.40ന് കണ്ണൂർ, 9.20 തളിപ്പറമ്പ, 10 മണിക്ക് പെരുമ്പടവ്- പച്ചാണി- ചെറുപുഴ- തിമിരി- ചെറുപുഴ- വഴി വൈകുന്നേരം നാലിന് മംഗലാപുരത്ത് എത്തുന്ന വിധത്തിലാണ് സർവ്വീസ്. വ്യാപാരികൾ ജനപ്രതിനിധികൾ, യാത്രക്കാർ എന്നിവരുടെ നേതൃത്വത്തിലാണ് സ്വീകരണം നൽകിയത്. ചപ്പാരപ്പടവിൽ നടന്ന സ്വീകരണ യോഗം പഞ്ചായത്ത് പ്രസിഡണ്ട് എം. മൈമൂനത്ത് ഉദ്ഘാടനം ചെയ്തു. പി.കെ. സത്യൻ അധ്യക്ഷത വഹിച്ചു. പെരുമ്പടവിൽ എരമം കുറ്റൂർ പഞ്ചായത്ത് പ്രസിഡണ്ട് കെ. സത്യഭാമ ഉദ്ഘാടനം ചെയ്തു. കെ.പി. കുഞ്ഞികൃഷ്ണൻ, ജോസഫ് കോട്ടത്തറ, ടി.വി. അനീഷ്, എം.വി. രാജു പ്രസംഗിച്ചു. ബസ് അനുവദിക്കുന്നതിന് മുൻകൈയെടുത്ത ജയിംസ് മാത്യു എം.എൽ.എ, കെ.എസ്.ആർ.ടി.സി ഡയറക്ടർ ബോർഡ് അംഗം ടി.കെ. രാജൻ എന്നിവരെ യോഗം അനുമോദിച്ചു.

മിക്സ്മാർട്ട് ഫുട്ട്വെയർ പയ്യന്നൂർ ഷോറും നഗരസഭ ചെയർമാൻ അഡ്വ. ശശി വട്ടക്കൊവ്വൽ ഉദ്ഘാടനം ചെയ്യുന്നു

റെഡ്ക്രോസ് ദിനം ആചരിച്ചു

കണ്ണൂർ: റെഡ് ക്രോസ് പ്രസ്ഥാനത്തിന്റെ സ്ഥാപകൻ സർ ജീൻഹെൻറി ഡുനാന്റിന്റെ ജന്മദിനം ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി ലോക റെഡ് ക്രോസ് ദിനമായി ആചരിച്ചു. ജില്ലാ കമ്മറ്റി ചെയർമാൻ കെ.ജി. ബാബു പതാകയുയർത്തി. കണ്ണൂർ 122, ഇൻഫൻട്രി ബറ്റാലിൻ ലെഫ്റ്റ് കേണൽ ഗുർമീത് സിങ് സെക്കന്റ് ഇൻ കമാൻഡ്, ഉദ്ഘാടനം നിർവഹിച്ചു. അഗസ്ത്യദേവി, ഇ.ഹരീഷ്, നിഗിൽ രവീന്ദ്രൻ, കെ.പി.വികേഷ് എന്നിവരെ ചടങ്ങിൽ ആദരിച്ചു കെ.ജി.ബാബു അധ്യക്ഷത വഹിച്ചു. സി.ഗംഗാധരൻ മാസ്റ്റർ സ്വാഗതവും ടി.കെ.ശ്രീധരൻ നന്ദിയും പറഞ്ഞു. അഡ്വ.കെ.കെ.ബലറാം, ടി.ഒ.വി.ശങ്കരൻ നമ്പ്യാർ, നിഗിൽ രവീന്ദ്രൻ, കെ.പി.വികേഷ്, അഗസ്ത്യദേവി സംസാരിച്ചു.

പുനരുദ്ധീകരിച്ച ചവനപ്പുഴ നൂർ ജുമാ മസ്ജിദ് സമസ്ത കേന്ദ്ര മുശാവറ മെമ്പർ മാണിയൂർ അഹമ്മദ് മുസ്ലിയാർ ഉദ്ഘാടനം ചെയ്യുന്നു.

WANTED

Teacher staff for all subjects
(Degree +PPTTC/Degree+TTC/PG+BEd)
Accountant cum office Assistant
(B.Come with Computer knowledge)
Interested and qualified aspirants may send CV only through e-mail or by post within 5 days. Shortlisted candidates may get immediate call for interview.

PRINCIPAL

AL MAQUAR
ENGLISH MEDIUM SCHOOL
(CBSE) DARULAMAN,
(PO), PALLIVAYAL, NADUKANI
TALIPARAMBA Pin 670142
almaquarschool@gmail.com